# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *203

## 08.03.2017 - ലെ മറുപടിക്ക്

## ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. കെ. ഹരീന്ദ്രൻ** | | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | സംസ്ഥാനത്തെ ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | സംസ്ഥാനത്തെ ട്രഷറികളെ ശക്തിപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ടു മേഖലയിലാണ് നടക്കുന്നത്.<br>1. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.<br>2. അടിസ്ഥാന സൗകര്യ വികസനം.<br><br><u>ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം.</u><br><br>സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS) ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23.02.2017 - ന് നടത്തുകയുണ്ടായി. റവന്യൂ മാനേജ്മെന്റിന് പത്തു ബാങ്കുകളെ ബന്ധിപ്പിച്ച് ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽ നിന്നും പണമിടപാട് നടത്തുവാൻ കഴിയുന്ന CORE BANKING എന്നിങ്ങനെ നിരവധി ആധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്നതാണ് IFMS.<br><u>അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)</u><br><br>സ്വന്തമായി കെട്ടിടമില്ലാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ ട്രഷറി കെട്ടിടങ്ങൾ കിഫ്ബിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ ഏജൻസിയായി INKEL Ltd - നെ തത്വത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ, ട്രഷറികളിലെ കമ്പ്യൂട്ടർ / നെറ്റ് വർക്ക് സംവിധാനങ്ങൾ നവീകരിക്കാനുള്ള നടപടികളും IFMS ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | ട്രഷറി നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും നിക്ഷേപ സൗഹാർദ്ദ സൗകര്യങ്ങൾ ഒരുക്കുന്നതിനും എ.ടി.എം. ഉൾപ്പെടെ യുള്ള സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഏതു ട്രഷറി വഴിയും ഇടപാടുകൾ നടത്തി പണം പിൻവലിക്കുവാനും, നിക്ഷേപിക്കുവാനും സാധിക്കുന്നു. അതിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്മാർട്ട് ഫോൺ വഴി ട്രഷറിയിൽ നിന്നും പണം മറ്റ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനോ ട്രഷറികളിലെയോ ബാങ്കിലെയോ അക്കൗണ്ടിൽ നിന്ന് സർക്കാർ സേവനങ്ങൾക്ക് വേണ്ടി അടയ്ക്കുന്നതിനോ താമസംവിനാ സൗകര്യമുണ്ടാകും.<br>ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിലെ അപ്രായോഗികത പരിഗണിച്ച് ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം , ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയതിനുള്ള നടപടികൾ കാര്യക്ഷമമായും കാലതാമസമില്ലാതെയും നടപ്പാക്കുന്നതിനും ആവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുമോ ? | ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കത്തക്ക തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയതിനുള്ള നടപടികൾ കാര്യക്ഷമവും കാലതാമസമില്ലാതെയും നടപ്പാക്കുന്നതിനും ആവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ നടന്നുവരുന്നു. ട്രഷറി നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകിവരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പൂർണ്ണമായും ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നൽകാനുള്ള പദ്ധതി പുരോഗമിക്കുന്നു. ജീവനക്കാരുടെയും പെൻഷൻകാരുടെയും നിക്ഷേപങ്ങളിൽ നിന്ന് പ്രതിമാസ അടവുകൾക്കായി അവർ മുൻകൂട്ടി നിർദ്ദേശിക്കുന്ന തീയതികളിൽ ട്രഷറി അക്കൗണ്ടിൽ നിന്ന് ഇലക്ട്രോണിക് രീതിയിൽ തുക മാറ്റിക്കൊടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് പരിഗണനയിലാണ്. ശമ്പളവും പെൻഷനും ട്രഷറിയിൽ നിലനിൽക്കുന്ന സമയത്തേയ്ക്ക് ന്യായമായ പലിശയും നൽകുന്നതാണ്. നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമാറ് ട്രഷറിയുടെ പ്രവർത്തനം പരമാവധി ഉപഭോക്തൃ സൗഹൃദവും ലളിതവും സുഗമവും ആക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതും ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന് സഹായകമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**